## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **435** | **03.03.2020** - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി.യിലൂടെ നേടിയ വരുമാനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി.എസ്. ശിവകുമാർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | രാജ്യത്തെ ഏറ്റവും വലിയ ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ ചരക്ക് സേവന നികുതി സംവിധാനം സംസ്ഥാനത്തിന് കൂടുതൽ നേട്ടം ഉണ്ടാക്കുമെന്ന വിലയിരുത്തൽ നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | രാജ്യത്തെ ഏറ്റവും വലിയ ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ ചരക്ക് സേവന നികുതി സംവിധാനം സംസ്ഥാനത്തിന് കൂടുതൽ നേട്ടം ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ആ തരത്തിലുള്ള നികുതി വർദ്ധന ഇതുവരെയും ലഭ്യമായിട്ടില്ല. വാറ്റ് കാലഘട്ടത്തിൽ കേരളത്തിന്റെ മൊത്തം വാറ്റ് നികുതി പിരിവിന്റെ 75% ൽ കൂടുതൽ ലഭ്യമായിരുന്നത് 14.5% നികുതിനിരക്കുള്ള ചരക്കുകളിൽ നിന്നായിരുന്നു. 22-ാം ജി.എസ്.ടി കൗൺസിലിന്റെ തീരുമാനത്തെ തുടർന്ന് 195 ഓളം ചരക്കുകളുടെ നികുതിനിരക്ക് 28%ൽ നിന്ന് 18% ആയി കുറവ് ചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി പിരിവ് ഉദ്ദേശിച്ച നിലയിൽ എത്താതിരിക്കുന്നതിനുള്ള ഒരു കാരണമാണ്. കൂടാതെ ജി.എസ്.ടി നടപ്പിലായപ്പോൾ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. 2017 ആഗസ്റ്റ് മാസത്തിൽ തന്നെ അന്തർ സംസ്ഥാന വ്യാപാരങ്ങളുടെ വിവരം ലഭ്യമാകുന്ന ഓൺലൈൻ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാകുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇത് 2018 ഏപ്രിൽ 1 മുതൽ മാത്രമേ നടപ്പിലായുള്ളൂ. ഇതു കുറെയൊക്കെ നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്.<br><br>ജി.എസ്.ടി. സോഫ്റ്റ് വെയർ പൂർണ്ണമായും സജ്ജമാകാതെ ജി.എസ്.ടി. നടപ്പിലാക്കിയത് നിമിത്തം ഇൻപുട്ട് ടാക്സ് |
| (ബി) | പ്രസ്തുത വിലയിരുത്തൽ വസ്തുതാപരമായിരുന്നോയെന്ന് അറിയിക്കാമോ; | | |

| | | | |
|---|---|---|---|
| | | | ക്രെഡിറ്റ് വെരിഫിക്കേഷൻ ഫലപ്രദമായി നടപ്പാകുന്നില്ല. ഇത് നികുതി വരുമാനം കുറഞ്ഞതിന് ഒരു ഘടകമാണ്. |
| (സി) | 2018 ഏപ്രിൽ-ഡിസംബർ കാലയളവിൽ സംസ്ഥാനം ജി.എസ്.ടി.യിലൂടെ നേടിയ വരുമാനം എത്രയാണെന്നും, മുൻ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 2019 ഏപ്രിൽ-ഡിസംബർ കാലയളവിൽ നേടിയ വരുമാനം എത്ര ശതമാനം അധികമായിരുന്നു വെന്നും വ്യക്തമാക്കാമോ? | (സി) | 2018 ഏപ്രിൽ-ഡിസംബർ കാലയളവിൽ സംസ്ഥാനം ജി.എസ്.ടി.യിലൂടെ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി സെറ്റിൽമെന്റ് എന്നിവ ഉൾപ്പെടെ) നേടിയ വരുമാനം 13552.62 കോടി രൂപ ആയിരുന്നു. 2019 ഏപ്രിൽ-ഡിസംബർ കാലയളവിൽ നേടിയ വരുമാനം 14474.87 കോടി രൂപ (എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി സെറ്റിൽമെന്റ് എന്നിവ ഉൾപ്പെടെ) ആയിരുന്നു. ഇത് മുൻ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ 7 ശതമാനം അധികമാണ്. |

**സെക്ഷൻ ഓഫീസർ**